I/121262/2023

ഫയൽ നം **SSG1/87/2023-TC** തീയതി : **28-04-2023**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് ,**
**തൈക്കാട് പി.ഒ തിരുവനന്തപുരം - 695 014**

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ**

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

**സ്വീകർത്താവ്**

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ.

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് -സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്ക് നികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ടുത്തി പെർമിറ്റ് കാറ്റഗറികൾ മാറ്റുന്നത് - സംബന്ധിച്ച്

**സൂചന :-** 2023-2024 വർഷത്തെ ഫിനാൻസ് ബിൽ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റേജ് കാരിയേജ് വാഹനങ്ങൾക്ക് നികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ടുത്തി പെർമിറ്റ് കാറ്റഗറികൾ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ ചുവടെ പറയുന്നു.
18/07/2016 തീയതിയ്ക്ക് മുൻപ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന സ്റ്റേജ് കാരിയേജ് വാഹനങ്ങളുടെ നികുതി seat അധിഷ്ഠിതമായും, പ്രസ്തുത തീയതിക്ക് ശേഷം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന സ്റ്റേജ് കാരിയേജ് വാഹനങ്ങളുടെ നികുതി floor area അധിഷ്ഠിതമായുമാണ് കണക്കാക്കുന്നത്. എന്നാൽ 18/07/2016 തീയതിയ്ക്ക് ശേഷം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന വാഹനങ്ങൾക്കും കോടതി ഉത്തരവ് മുൻ നിർത്തി സീറ്റ് അധിഷ്ഠിതമായി നികുതി സ്വീകരിക്കേണ്ടതായി വരുന്നുണ്ട്. പ്രസ്തുത സാഹചര്യങ്ങളിൽ ബാധകമായ നിരക്കുകളിൽ നികുതി സ്വീകരിക്കുന്നതിലേക്ക് Manual ടാക്സ് എൻഡോഴ്സ്മെന്റ് നൽകേണ്ടതായി വരുന്നു. എന്നാൽ ഇപ്രകാരം നികുതി സ്വീകരിക്കുമ്പോൾ, പ്രസ്തുത തീയതിയിൽ ബാധകമായ അധിക നികുതി, പലിശ എന്നിവ കണക്കാക്കുന്നതിന് സാധിക്കാതെ വരികയും തന്മൂലം വരുമാന നഷ്ടം സംഭവിക്കുകയും ചെയ്യുന്നു.

മേൽ വസ്തുതകൾ മുൻ നിർത്തി സ്റ്റേജ് കാരിയേജ് വാഹന പെർമിറ്റ് രണ്ട് കാറ്റഗറികളായി തിരിക്കുകയും

1 . **Stage Carriage Permit (S/S) സീറ്റ് അധിഷ്ഠിതം**

2. **Stage Carriage Permit (F/A) ഫ്ലോർ ഏരിയ അധിഷ്ഠിതം**

എന്നിങ്ങനെ യഥാക്രമം സീറ്റ് അധിഷ്ഠിത നികുതി, ഫ്ലോർ ഏരിയ അധിഷ്ഠിത നികുതി എന്നിവ ബാധകമായ സ്റ്റേജ് കരിയേജ് വാഹനങ്ങൾക്ക് ഉപയുക്തമാക്കുന്നതിലേക്ക് വാഹന സോഫ്റ്റ്‌വെയറിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കിയിട്ടുമുണ്ട്.

I/121262/2023

ആയതിനാൽ സ്റ്റേജ് കാരിയേജ് വാഹനങ്ങൾ നികുതി കണക്കാക്കുന്ന രീതിയ്ക്ക് (**SS -സീറ്റ് അധിഷ്ഠിതം/** FA **-ഫ്ലോർ ഏരിയ അധിഷ്ഠിതം**) ബാധകമായ പെർമിറ്റ് കാറ്റഗറിയിൽ തന്നെ ഉൾപ്പെടുത്തേണ്ടതും അതിൻ പ്രകാരം നികുതി / നികുതി കുടിശിക എന്നിവ സ്വീകരിക്കേണ്ടതുമാണ്.

Signed by
K Manojkumar
Date: 28-04-2023 10:32:28

വിശ്വസ്തതയോടെ,

K Manojkumar

JOINT TRANSPORT COMMISSIONER & SECRETARY S T A IN CHARGE

പകർപ്പ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ